രൻ ആരാണ്; അടങ്കൽത്തുക എത്ര; എത്ര ശതമാനം എബൗ ആയാണോ കരാർ നൽകിയത്; എന്നാണ് കരാർ നൽകിയത്;

(ഇ) പ്രസ്തുത കരാർ നൽകിയതിനുശേഷം ഡിസൈനിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;

(എഫ്) വെൽ ഫൗണ്ടേഷൻ പൈൽ ഫൗണ്ടേഷനായി മാറ്റിയിരുന്നോ; പൈൽ ഫൗണ്ടേഷനാണോ വെൽ ഫൗണ്ടേഷനാണോ കൂടുതൽ ചെലവ് വരുന്നത്;

(ജി) ഡിസൈനിൽ മാറ്റം വരുത്തിയത് എന്നാണ്; ഇതിന് അനുമതി നൽകിയത് ആരാണ്; വിശദവിവരം വെളിപ്പെടുത്തുമോ;

(എച്ച്) പ്രസ്തുത പാലത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; ഏത് നിയോജകമണ്ഡലത്തിലാണ് ഈ പാലം?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ തത്തപ്പള്ളിപ്പാലത്തിന്റെ പ്രീ-ക്വാളിഫിക്കേഷൻ ടെൻഡറിൽ നിന്നും ശ്രീ. മാത്യു കളരിക്കൽ, ശ്രീ. കെ.വി. ജോയി എന്നീ കരാറുകാരെ ഒഴിവാക്കിയതിനെ ചൊല്ലി സമർപ്പിക്കപ്പെട്ട കേസാണ് ഇത്. നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് അർഹത അല്ലാത്തതുമൂലമാണ് പ്രസ്തുത കരാറുകാരെ പ്രീ-ക്വാളിഫൈ ചെയ്യുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്പീലിന് സ്കോപ്പില്ലാത്തതുകൊണ്ട് മേൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) ഒരു കരാറുകാരനോടും വിവേചനം ഒന്നും നടത്തിയിട്ടില്ല. കോടതിവിധിയുടെ അടിസ്ഥാനത്തിൽ പരാതിക്കാർക്കും ടെൻഡർ ഫോം കൊടുക്കുകയുണ്ടായി.

(ഡി) തത്തപ്പള്ളി പാലം പണിയ്ക്ക് ശ്രീ. ജിബു മാത്യു ആണ് കരാറുകാരൻ. അടങ്കൽത്തുക 1,97,27,440 രൂപ; എസ്റ്റിമേറ്റ് റേറ്റിനേക്കാൾ ഒരു ശതമാനം കൂട്ടിയാണ് 12.10.98-ൽ കരാർ നല്കിയത്.

(ഇ)(എഫ്)&(ജി) ഫൗണ്ടേഷനിൽ ചെറിയ മാറ്റം വരുത്തിയിട്ടുണ്ട്. ഒറിജിനൽ ഡിസൈനിൽ വെൽ ഫൗണ്ടേഷൻ കൊടുത്തിരുന്നത് പൈൽ ഫൗണ്ടേഷനായി മാറ്റം വരുത്തി. രണ്ടിന്റേയും ചെലവിൽ വലിയ വ്യത്യാസം ഇല്ല. എന്നാൽ പൈൽ ഫൗണ്ടേഷൻ വെൽ ഫൗണ്ടേഷന്റെ റേറ്റിൽ നിന്നും 0.5% കുറച്ച് ചെയ്യാം എന്ന് കരാറുകാരൻ സമ്മതിച്ചിട്ടുള്ളത് സർക്കാരിന് നേട്ടമാണ്. കരാറിന്റെ കാലാവധി 24 മാസത്തിൽ നിന്നും 18 ആയി കുറച്ചിട്ടുമുണ്ട്. ഡിസൈനിൽ മാറ്റം വരുത്തിയത് 27.10.98-ൽ ആണ്. ചീഫ് എൻജിനീയർ ആണ് അനുമതി നൽകിയത്.

(എച്ച്) പാലത്തിന്റെ പണി അവസാനഘട്ടത്തിലാണ്. എറണാകുളം ജില്ലയിലെ പറവൂർ നിയോജകമണ്ഡലത്തിലാണ് പ്രസ്തുത പാലം.

162 (1383) വർക്കുകൾക്ക് ഭരണാനുമതി നൽകുന്ന പരിപാടി

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പി.ഡബ്ല്യൂ.ഡി. വർക്കുകൾക്ക് ഭരണാനുമതി നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ ഏതെല്ലാം വർക്കുകൾക്കും പ്രോജക്ടുകൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്;

(സി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ വർക്കുകളുടെ എസ്റ്റിമേറ്റ് തുകയും മറ്റു വിശദാംശവും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഓരോ ജോലിയുടേയും പ്രാധാന്യവും ആവശ്യകതയും കണക്കിലെടുത്ത് മുൻഗണനാ ക്രമത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകി വരികയാണ് ചെയ്യുന്നത്.

(ബി)&(സി) കെട്ടിടങ്ങളും പ്രാദേശിക ജോലികളും വിഭാഗത്തെ സംബന്ധിച്ച വിവരം അനുബന്ധം ഒന്നിലും† നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ചവ അനുബന്ധം രണ്ടിലും† കൊടുത്തിരിക്കുന്നു.

163 (1385) ചടയമംഗലം സെക്ഷനിലെ മരാമത്ത് പണികൾ

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി. 1996 മാർച്ചിനുശേഷം ചടയമംഗലം സെക്ഷനിൽ ഏതെല്ലാം പദ്ധതിയിൽപ്പെട്ട എത്ര തുകയുടെ മരാമത്ത് പണികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും പ്രസ്തുത പണികളുടെ വിശദാംശവും നൽകുമോ;

(ബി) ഇതിൽ ഏതെല്ലാം പണികൾ ഇതിനകം പൂർത്തീകരിച്ചു എന്നും ശേഷിക്കുന്ന പണികൾ ഓരോന്നും ഇപ്പോൾ ഏതു ഘട്ടങ്ങളിലാണ് എന്നും അറിയിക്കുമോ;

(സി) ഈ സെക്ഷനിൽ എന്തു തുകയുടെ കൂടിശ്ശിക കൊടുത്തു തീർക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പത്തു വർഷത്തിൽ അധികമായി റീ-ടാറിംഗ് നടത്താത്ത റോഡുകളും റോഡുകളുടെ ഭാഗങ്ങളും ഉണ്ടെങ്കിൽ അവ ഏതൊക്കെ എന്നതിന്റെ ലിസ്റ്റ് നൽകുമോ;

(ഇ) പ്രസ്തുത റോഡുകളുടെ അവസ്ഥ മെച്ചപ്പെടുത്താൻ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) ചീഫ് എൻജിനീയറുടെ എൽ.എസ്.ജി.ൽ 115.72 ലക്ഷം രൂപയുടെ 16 പണികളും റിന്യൂവൽ പ്രോഗ്രാമിൽ 219.69 ലക്ഷം രൂപയുടെ 32 പണികളും സ്പെഷ്യൽ റിപ്പയറിൽ 29.04 ലക്ഷം രൂപയുടെ 8 പണികളും ബഡ്ജറ്റ് വർക്കായി 235.15 ലക്ഷം രൂപയുടെ 4 പണികൾക്കും അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly